(സി) പ്രസ്തുത റിപ്പോർട്ടിൽ ഏതെല്ലാം നിയമലംഘനങ്ങൾ നടന്നതായിട്ടാണ് സൂചന ; ഇതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കാമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) കുറിഞ്ഞിമല സാങ്ച്വറിയിലെയും വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെയും സർക്കാർ ഭൂമി കയ്യേറ്റങ്ങളും, അനധികൃത പ്രവർത്തനങ്ങളും സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. നിവേദിത പി. ഹരന്റെ നേതൃത്വത്തിൽ 3-5-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 177/2014/റവ. പ്രകാരം അന്വേഷണ സംഘം രൂപവത്ക്കരിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

കടവന്ത്രഭത്തി റയിൽവേ ബി ക്ലാസ് ഭൂമി

217 (1274) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടവന്ത്രഭത്തി വില്ലേജിൽ റയിൽവേ ബി ക്ലാസ് ഭൂമിയിലെ താമസക്കാർ ഭൂമിയുടെ കൈവശാവകാശം ലഭിക്കണമെന്നാവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് റെയിൽവേ അധികൃതരുമായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 19-ഓളം കുടുംബങ്ങൾ നിലവിൽ ടി സ്ഥലത്ത് താമസിച്ചുവരുന്നു. കൈവശത്തിന് അപേക്ഷിച്ചിട്ടില്ല.

(ബി&സി) ഇല്ല.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

218 (1275) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി.തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിൽ എത്രമാത്രം വിജയിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly